ഏവമേവ ഖലു മഹദഭിചാരാതിക്രമ: കാർത്സ്ന്യേനാത്മനേ ഫലതി (5–9–19)
നവാ ഏതദ്വിഷ്ണുദത്ത മഹദദ്ഭുതം യദസംഭ്രമ: സ്വശിരശ്ഛേദന
ആപതിതേഽപി വിമുക്തദേഹാദ്യാത്മഭാവസുദൃഢഹൃദയ ഗ്രന്ഥീനാം സർവ
സത്ത്വസുഹൃദാത്മനാം നിർവ്വൈരാണാം സാക്ഷാദ്ഭഗവതാഽനിമിഷാരി
വരായുധേനാപ്രമത്തേന തൈസ്തൈർ ഭാവൈ: പരിരക്ഷ്യമാണാനാം
തദ്പാദമൂലമകുതശ്ചിദ് ഭയമുപസൃതാനാം ഭാഗവതപരമഹംസാനാം (5–9–20)

ശുകമുനി തുടർന്നു: അംഗിരമഹർഷിയുടെ പരമ്പരയിൽപ്പെട്ട ഒരു ബ്രാഹ്മണന് രണ്ടു ഭാര്യമാരുണ്ടായിരുന്നു. ആദ്യ ഭാര്യയിൽ അദ്ദേഹത്തിന് ഒൻപതു പുത്രന്മാരും രണ്ടാം ഭാര്യയിൽ ഇരട്ടപെറ്റുണ്ടായ ഒരാൺകുട്ടിയും ഒരു പെൺകുട്ടിയും അവർക്കുണ്ടായിരുന്നു. ഇതിലെ ആൺകുട്ടി, ഭരതൻെറ പുനർജന്മമാണെന്ന് പറയപ്പെടുന്നു. ചെറുപ്പത്തിലേ അവന് തൻെറ പൂർവ്വജന്മങ്ങളെപ്പറ്റി നല്ല ബോധമുണ്ടായിരുന്നു. അതുകൊണ്ടവൻെറ എല്ലാ പെരുമാറ്റങ്ങളും അതീവശ്രദ്ധയോടെയായിരുന്നു. തൻെറ മകന് വേണ്ടത്ര വിദ്യാഭ്യാസം കൊടുക്കുക ആവശ്യമെന്ന് കരുതി ബ്രാഹ്മണൻ, ബാലനെ ഉപനയനം ചെയ്യിച്ച് ഗായത്രി മന്ത്രം പഠിപ്പിക്കുകയും ചെയ്തു. പക്ഷെ ഭരതനാകട്ടെ, തൻെറ മനസ്സ് പരബ്രഹ്മത്തിലുറപ്പിക്കുക മൂലം ലൗകീകകാര്യങ്ങളിലും പഠനത്തിലും താത്പര്യമില്ലാതെ കഴിഞ്ഞു.

ബ്രാഹ്മണൻ കാലക്രമത്തിൽ മരണപ്പെടുകയും രണ്ടാം ഭാര്യ ചിതയിൽ ചാടി സതിയാവുകയും ചെയ്തു. ഭരതൻെറ സഹോദരന്മാർ അവനെ പഠിപ്പിക്കുക എന്ന വൃഥാവൃത്തി ഉപേക്ഷിച്ച് അവനെ ജന്മനാ വിഡ്ഢിയെന്ന രീതിയിൽ കണക്കാക്കി. തൻെറ സഹോദരന്മാർ എത്രമാത്രം നിന്ദിച്ചിട്ടും അവനെ അതു ബാധിക്കുകയുണ്ടായില്ല. അവനോട് പറഞ്ഞ ജോലി അവൻ ചെയ്തു. കൊടുത്ത ഭക്ഷണം കഴിച്ചു. സുഖദു:ഖങ്ങളും, ആദരവും, നിന്ദയും അവനെല്ലാം ഒരുപോലെയായിരുന്നു. അങ്ങിനെ ലൗകീകതയൊന്നും ബാധിക്കാതെ അവനങ്ങിനെ ചുറ്റി നടന്നു.

അങ്ങിനെയിരിക്കെ ഒരുപറ്റം കൊള്ളക്കാർ ഭദ്രകാളിക്ക് നരബലി കൊടുക്കാൻ വ്രതം ചെയ്തിരിക്കുക യായിരുന്നു. അതിനു വേണ്ടി കരുതിവെച്ചിരുന്ന മനുഷ്യൻ അവരിൽനിന്നും രക്ഷപ്പെട്ടുകഴിഞ്ഞിരുന്നു. അവർ മറ്റൊരുവനെ തേടിയിരിക്കുന്ന അവസരത്തിലാണ് ഒരു തോട്ടം കാവൽക്കാരനായി ജോലിചെയ്തിരുന്ന ഭരതനെ കാണാനിടയായത്. ഉറച്ച ശരീരമുള്ളവനും അരോഗദൃഢഗാത്രനുമായ ഭരതനെ അവർ പിടിച്ചു കെട്ടി കാളീക്ഷേത്രത്തിൽ കൊണ്ടു വന്നു. പരമജ്ഞാനത്തിൽ വിലീലനായിരുന്നതുകൊണ്ട് തൻെറ ശരീരത്തോട് എന്താണ് അവർ ചെയ്യുന്നതെന്ന് അവനു ശ്രദ്ധയുണ്ടായിരുന്നില്ല. അവർ അവനെ കുളിപ്പിച്ച് അലങ്കാരവസ്ത്രമുടുപ്പിച്ച് ഭക്ഷണവും കൊടുത്ത് ബലിക്കായി തയ്യാറാക്കി. ബലിപീഠത്തിൽവെച്ച് തലവെട്ടുന്നതിനു മുൻപ് ശ്രീകോവിലിൽനിന്ന് ഭദ്രകാളി സ്വയം ഇറങ്ങിവന്ന് കാപാലികരുടെയെല്ലാം തലവെട്ടിക്കളഞ്ഞു.

ഇങ്ങിനെ മഹത്തുക്കളായ സജ്ജനങ്ങളുടെ നേർക്കു പ്രയോഗിക്കുന്ന ദുഷ്ടതകൾ മനുഷ്യനെ തിരിച്ചടിക്കുമെന്ന് മനസ്സിലാവുന്നു. സദാ ജാഗരൂകമായി സംരക്ഷണായുധങ്ങളുമായി നിലകൊള്ളുന്ന ഭഗവാൻ തൻെറ ഭക്തനെ എല്ലാവിധ ആപത്തുകളിൽനിന്നും രക്ഷിക്കും എന്നതിൽ അത്ഭുതമെന്താണുള്ളത്? സ്വയം മായാമോഹിതനായി ശരീരവുമായി ഐക്യഭാവം കൊള്ളാത്ത ഭക്തൻ ആത്മസാക്ഷാത്കാരം നേടിയവനും, ശത്രുതയില്ലാത്തവനും സർവ്വചരാചരങ്ങൾക്കും സുഹൃത്തുമാണ്.